പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,ഹയർസെക്കന്ററിവിഭാഗം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം

സി.ജി& എ.സി /2664/2019/ഡി.എച്ച്.എസ്.ഇ തീയതി :03/10/2019

## സർക്കുലർ

വിഷയം: - മോട്ടോർ വാഹന വകുപ്പ് ഹയർസെക്കന്ററി സ്കൂളുകളിലെ സൗഹൃദ ക്ലബ്ബുകളിലെ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷയെപ്പറ്റി ഏകദിന പരിശീലനം നൽകുന്നത് സംബന്ധിച്ച്

സൂചന:- 30/09/2019 തീയതിയിലെ ആലപ്പുഴ ജില്ലാ കോ-ഓർഡിനേറ്ററുടെ ഇ-മെയിൽ

കേരളത്തിൽ വാഹനാപകടങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷ ബോധവൽക്കരണം അടിയന്തിരമായി നടപ്പിലാക്കേണ്ടതുണ്ട്.

ആലപ്പുഴ ജില്ലയിൽ ഹയർസെക്കന്ററി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷയെപ്പറ്റി അവബോധം വളർത്തിയെടുക്കുന്നതിനും റോഡിലെ നല്ല പെരുമാറ്റ രീതികളെ കുറിച്ച് പഠിപ്പിക്കുന്നതിനും അപകടങ്ങളിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനുള്ള ശാസ്ത്രീയ പരിശീലനങ്ങളും നൽകുന്നതിനുമായി കരിയർ ഗൈഡൻസ് വിദ്യാഭ്യാസ ജില്ലാ കോ-ഓർഡിനേറ്റർമാരുടെയും മോട്ടോർ വാഹനവകുപ്പിന്റെയും സഹകരണത്തോടെ ഏകദിന പരീശീലനം സംഘടിപ്പിക്കുന്നു.

ഒരു വിദ്യാലയത്തിലെ സൗഹൃദക്ലബിൽ ഉൾപ്പെട്ട 5 വിദ്യാർത്ഥികൾക്ക് വീതമാണ് പരിശീലനം നൽകുന്നത്. പരിശീലനം നേടിക്കഴിഞ്ഞ വിദ്യാർത്ഥികൾ അവരവരുടെ സ്കൂളുകളിൽ കരിയർ ഗൈഡൻസ് കോ-ഓർഡിനേറ്ററുടെയും മോട്ടോർ വാഹന വകുപ്പിന്റെയും സഹായത്തോടെ റോഡ് സുരക്ഷാ പരിശീലനം നൽകേണ്ടതുമാണ്.

വിദ്യാഭ്യാസ ജില്ലയിൽ ഏകദിന പരിശീലന തീയതികൾ ചുവടെ ചേർക്കുന്നു.

1. ആലപ്പുഴ
   തീയതി - ഒക്ടോബർ 14
   സ്ഥലം- ലിയോ തേർട്ടീന്ത് എച്ച്.എസ്.എസ് ആലപ്പുഴ
2. മാവേലിക്കര
   തീയതി - നവംബർ 13
   സ്ഥലം - ബി.എച്ച്. എച്ച്.എസ്.എസ്. മവേലിക്കര
3. ചേർത്തല
   തീയതി - ഒക്ടോബർ 23
   സ്ഥലം - വടുതല ജമാഅത്ത് എച്ച്.എസ്.എസ് നടുവത്ത് നഗർ
4. കുട്ടനാട്
   തീയതി - ഒക്ടോബർ 30
   സ്ഥലം- സെന്റ് അലോഷ്യസ് എച്ച്.എസ്.എസ് എടത്വ

ഒപ്പ്/-

ജോയിന്റ് ഡയറക്ടർ (അക്കാദമിക്)